കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

നമ്പർ:B2/101/2025-SEC-Part(2) തീയതി: 07-08-2025

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

1. എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ & ജില്ലാ കളക്ടർമാർക്കും
2. എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ & സെക്രട്ടറി / അഡീഷണൽ സെക്രട്ടറിമാർക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മുഖാന്തിരം)

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2025-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ് - വോട്ടർ പട്ടിക പുതുക്കൽ - 2025 ആഗസ്റ്റ് 09, 10 തീയതികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രവൃത്തിക്കുന്നത് - സംബന്ധിച്ച്.

സൂചന:- കമ്മീഷന്റെ 19.07.2025-ലെ ബി2/101/2025-സം.തി.ക നം ഉത്തരവ്.

2025-ലെ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വോട്ടർപട്ടിക പുതുക്കൽ നടപടികൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സൂചന ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി നടന്നുവരികയാണ്. അതിൻപ്രകാരം, ഒട്ടനവധി വോട്ടർമാർ ഫോം 4, ഫോം 5, ഫോം 6, ഫോം 7 അപേക്ഷകൾ/ ആക്ഷേപങ്ങൾ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് ചട്ടപ്രകാരം സമർപ്പിച്ചുവരുന്നുണ്ട്. ദിനംപ്രതി ഇത്തരത്തിൽ അപേക്ഷകൾ/ ആക്ഷേപങ്ങൾ കൂടുതലായി ലഭിക്കുന്ന സാഹചര്യത്തിൽ, വോട്ടർമാർക്ക് അതിനുള്ള സമയം അനുവദിക്കുന്നതിന്റെ ആവശ്യകത കണക്കിലെടുത്തും, ലഭിക്കുന്ന അപേക്ഷകളിൽ/ ആക്ഷേപങ്ങളിൽ സമയബന്ധിതമായി ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കുമായി <u>2025 ആഗസ്റ്റ് 09, 10 തീയതികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുറന്ന് പ്രവൃത്തിക്കുന്നതിന് നിർദ്ദേശം നൽകുന്നു.</u>

ഈ ദിവസങ്ങളിൽ ഓഫീസിൽ ഹാജരാകുന്ന അപേക്ഷകർക്കു ഹിയറിംഗും, ഫോം 5 ആക്ഷേപം നേരിട്ട് സ്വീകരിക്കുന്നതുൾപ്പെടെയുള്ള വോട്ടർ പട്ടിക പുതുക്കലുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും ചട്ടപ്രകാരം നടപ്പാക്കുന്നതിനും, അതോടൊപ്പം കമ്മീഷൻറെ 26/07/2025 തിയതിയിലെ B2/101/SEC/2025-part(1) നമ്പർ നിർദേശപ്രകാരം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ Suo Moto Transposition ചെയ്യേണ്ട കേസുകൾ എല്ലാം കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു തുടർനടപടി സ്വീകരിക്കുന്നതിനും എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും നിർദ്ദേശം നൽകുന്നു.

വിശ്വസ്തതയോടെ,

Signed by
Prakash B S
Date: 07-08-2025 11:36:39
PRAKASH.B.S
SECRETARY

പകർപ്പ് :

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2.എല്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർ
3. പബ്ലിക്ക് റിലേഷൻസ് ഓഫീസർ
4. ഐ.ടി സെൽ
5. കമ്മീഷണറുടെ പി.എസ്

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033.
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )